# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 8384/11/12/2024/ TVM**

പരാതികക്ഷി : ഗോപാലകൃഷ്ണൻ നായർ, ശ്രീനന്ദനം,
ടി സി.79/365,പറമ്പിൽ ജംഗ്ഷൻ
ശ്രീവരാഹം, വള്ളക്കടവ്, തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 06.01.2026**

പരാതികക്ഷി 76 വയസ് പ്രായമുള്ള മുതിർന്ന പൗരനും രോഗിയും ആണെന്നും, കെട്ടിട നിർമ്മാണ ക്ഷേമനിധി പെൻഷൻ 15 മാസം ആയി ലഭിക്കുന്നില്ല എന്നും ആയത് ലഭിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ 13.12.2024 തീയതി കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചു.

പരാതികക്ഷിക്ക് 2023 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ഈ ക്ഷേമ ബോർഡിൽ നിന്നും 2023 ആഗസ്റ്റ് മാസം വരെയുള്ള പ്രതിമാസ പെൻഷനാണ് വിതരണം നടത്തിയിട്ടുള്ളതെന്നും, ബോർഡിൻറെ പ്രധാന വരുമാനമായ സെസ് കളക്ഷൻ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇതിലൂടെ ബോർഡിന്റെ വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് ഹർജികക്ഷി ഉൾപ്പെടെയുള്ളവരുടെ പെൻഷൻ കുടിശ്ശികയും പ്രതിമാസ പെൻഷനും അനുവദിച്ചു നൽകുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 06.01.2026 തീയതി ഹർജികക്ഷി ഹാജരായില്ല. തുടർന്ന് പെൻഷൻ വിതരണത്തിന്റെ തത് സ്ഥിതി വിവരങ്ങൾ ബോർഡ് ഓഫീസിൽ നിന്നും ലഭിച്ച പ്രകാരം 2024 സെപ്റ്റംബർ മാസം വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞു.

4. ബോർഡ് പെൻഷനെ മാത്രം ആശ്രയിച്ച് കഴിയുന്ന ഹർജികക്ഷി ഉൾപ്പെടെയുള്ളവർ വൃദ്ധരും രോഗികളും ആണ്. മറ്റൊരു വരുമാനവും ഇല്ലാത്ത ഇവർക്ക് ബോർഡ് പെൻഷൻ മാത്രമാണ് ആശ്രയമായിട്ടുള്ളത്. അത് യഥാസമയം കൊടുക്കാതിരിക്കുന്ന നടപടി ശരിയല്ല. ആയതിനാൽ റിപ്പോർട്ടിൽ പ്രതിപാദിച്ച പ്രകാരം സെസ് പിരിവ് കാര്യക്ഷമമായും യഥാസമയവും നടത്തേണ്ടതും പെൻഷൻ കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കേണ്ടതുമാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ